LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കൊയിലാണ്ടി റെസ്റ്റ് ഹൗസിലെ ജീവനക്കാർക്ക് ഒക്ടോബർ, നവംബർ മാസത്തേയും മറ്റ റെസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് ഒക്ടോബർ അവസാന പകുതിയും നവംബർ മാസത്തെ കുടിശ്ശികയുമാണ് കൊടുക്കുവാനുള്ളത്. നാല സെക്ഷനാഫീസുകളുടേയും ചുമതലവഹിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും കാഷ്വൽ ലേബർ റോൾ രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തി ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

(സി) ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് ഇത്തരം ജീവനക്കാരുടെ വേതനം കാലതാമസം കൂടാതെ നൽകുന്നതാണ്.

കോഴിക്കോട് മോണോറെയിൽ പദ്ധതി

318(T3243) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മോണോറെയിൽ പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുത്ത ഏക കമ്പനിയായ ബൊംബാർഡിയ എന്ന കമ്പനിയുമായി നെഗോഷിയേറ്റ് ചെയ്യാൻ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ വിഹിതമായി തുക മാറ്റിവെച്ചിട്ടുണ്ടായിരുന്നുവോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുനർ ദർഘാസിലൂടെ ലഭിച്ച ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഒറ്റ ടെൻഡർ ഡി.എം.ആർ.സി അവലോകനം ചെയ്ത് പരിശോധിച്ച ശേഷം നൽകിയ റിപ്പോർട്ടിൽ, എസ്റ്റിമേറ്റ് തുകയെക്കാൾ ഭീമമായ തുക നെഗോഷിയേഷനിലൂടെ കുറയ്ക്കാനുള്ള സാധ്യത വിദൂരമായതിനാൽ ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ടെൻഡർ നിരസിക്കുവാനാണ് ശിപാർശ ചെയ്തിട്ടുള്ളത്. മാത്രമല്ല, ക്വോട്ട് ചെയ്തിരിക്കുന്ന തുക എസ്റ്റിമേറ്റ് തുകയുടെ 150.87% ഉയർന്ന നിരക്കിലാണ്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

10-ാമത് കെ.എം.സി.എൽ ബോർഡ് യോഗത്തിൽ, നെഗോഷിയേഷനിലൂടെ കോട്ട് ചെയ്ത ഭീമമായ തുക, എസ്റ്റിമേറ്റ് തുകയോട് അടുത്ത നിലയിൽ എത്തിക്കാനുള്ള സാധ്യത തീരെ കുറവാണെന്നും പ്രസ്തുത വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ നെഗോഷിയേഷൻ നടത്തുന്നത് അഭികാമ്യമായിരിക്കില്ല എന്നു തീരുമാനിക്കുകയുണ്ടായി.

(ബി) ഉണ്ടായിരുന്നു.

(സി) 2013-14-ൽ കൺസൽറ്റൻസി ഫീസിനത്തിൽ 18 കോടിരൂപയും 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി പ്രത്യേക പദ്ധതി വിഹിതമായി മാറ്റിവച്ചിട്ടുള്ള 1225 കോടി രൂപയിൽ മോണോ പദ്ധതിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് നഗരത്തിൽ മോണോറെയിൽ

319(T3244) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ മോണോറെയിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നുവോ ;

(ബി) മോണോറെയിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ തീരുമാനമെടുത്തതെന്ന് പറയുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കോഴിക്കോട് കോർപ്പറേഷൻ കൗൺസിലുമായോ ജനപ്രതിനിധികളുമായോ ചർച്ച നടത്തിയിരുന്നുവോ ;

(ഡി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നതെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എത്ര തുകയാണ് ചെലവു പ്രതീക്ഷിച്ചിരുന്നത് ; ഈ തുക എങ്ങനെ സമാഹരിക്കാനാണ് തീരുമാനിച്ചത് ; വിശദമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതിക്കാവശ്യമായ 20% കേന്ദ്രവിഹിതം ലഭിക്കാനാവശ്യമായ കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

807/2017

LIBRARY ARCHIVES Kerala Legislative Assembly